**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 93** **22-02-2022 - ൽ മറുപടിയ്ക്ക്**

**മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കടുത്തുരുത്തി പോലീസ് സ്റ്റേഷൻ വിഭജിച്ച് സർക്കാർ പുതുതായി അനുവദിച്ച മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കടുത്തുരുത്തി പോലീസ് സ്റ്റേഷൻ വിഭജിച്ച് സർക്കാർ അനുവദിച്ച മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ടി കല്ലറ പഞ്ചായത്ത് അധീനതയിലുള്ള 38 സെന്റ് ഭൂമിയും അതിൽ നിർമ്മാണം പൂർത്തിയായി വരുന്ന കെട്ടിടവും സൗജന്യമായി വിട്ടു നൽകാമെന്ന് കല്ലറ ഗ്രാമപഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയും കെട്ടിടവും പോലീസ് വകുപ്പിന് വിട്ടു നൽകുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | പോലീസ് സ്റ്റേഷനു വേണ്ടി താത്കാലിക കെട്ടിടം കണ്ടെത്തിക്കൊടുക്കുവാനുള്ള സന്നദ്ധത പോലീസ് അധികൃതരെ അറിയിച്ചെങ്കിലും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; | (ബി) | മാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 3-ലെ 145 നമ്പരായുള്ള കെട്ടിടം പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിന് അനുയോജ്യമായിരുന്നില്ല. തുടർന്ന് മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള 4/298A നമ്പർ എന്ന കെട്ടിടം, മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനായി വിട്ടു നൽകാമെന്ന് മാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി സമ്മതിച്ചത് പ്രകാരം ആയത് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടം പോലീസ് സ്റ്റേഷനു വേണ്ടി വിട്ടു നൽകാൻ കഴിയുകയില്ലായെന്ന് 12.02.2021 ന് മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കോട്ടയം ജില്ലാ പോലീസ് മേധാവിയെ രേഖാമൂലം അറിയിക്കുകയുണ്ടായി. അതിനെ തുടർന്ന് മാഞ്ഞൂർ പഞ്ചായത്ത് മൂന്നാം വാർഡിൽ 742 നമ്പരായുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി വിജ്ഞാപനം ചെയ്തിരുന്നു. വില്ലേജ് രേഖകളിൽ പ്രസ്തുത കെട്ടിടം നിൽക്കുന്ന സ്ഥലം നിലം ആയിട്ട് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ വാടക നിശ്ചയിക്കുന്നതിനാവശ്യമായ വില്ലേജിൽ നിന്നുള്ള രേഖകൾ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത |

| | | | |
|---|---|---|---|
| | | | കെട്ടിടത്തിൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. |
| (സി) | പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ചും സ്റ്റേഷനു വേണ്ടിയുള്ള താത്കാലിക കെട്ടിടത്തെ സംബന്ധിച്ചും എന്തെങ്കിലും അറിയിപ്പുകൾ മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടോ. ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | 2015 കാലഘട്ടത്തിൽ വൈക്കം കേന്ദ്രമായി ഡി.വൈ.എസ്.പി ഓഫീസ് അനുവദിച്ചതോടൊപ്പം കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ കേന്ദ്രമായി അനുവദിച്ച പുതിയ പോലീസ് സ്റ്റേഷൻ ഇതുവരെയും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം പരിഹരിക്കുന്നതിന് സർക്കാർ തലത്തിലുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ അംഗബലം 04.02.2021 ലെ G.O.(Ms)No.31/2021/Home പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ടി നേരത്തേ കണ്ടെത്തിയ കെട്ടിടങ്ങൾ ഉപയോഗിക്കാൻ സാധിക്കാതെ വന്നതിനാൽ കല്ലറ ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള കളമ്പുകാട് ചന്തയിലെ 38 സെന്റ് ഭൂമിയും അതിൽ നിർമ്മാണം പൂർത്തിയായി വരുന്ന കെട്ടിടവും സൗജന്യമായി വിട്ടു നൽകാമെന്ന് കല്ലറ ഗ്രാമപഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | മാഞ്ഞൂർ പോലീസ് സ്റ്റേഷൻ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കുറുപ്പന്തറ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | (ഡി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ